بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 12.04.2019 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*12.04.2019 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ മഹൽസ്ഥാനീയരായ സ്വഹാബികളുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ ഹൃദയഹാരിയായ വിവരണങ്ങൾ.

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۝۲ الرَّحْمٰنِ الرَّحِيْمِ ۝۳ مٰلِكِ يَوْمِ الدِّيْنِ ۝۴ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۝۵

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۝۶ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۝۷

തശഹുദും തഅവ്വുദും സൂറാ ഫാത്തിഹയും ഓതിയതിനുശേഷം ഹുസൂർ പറഞ്ഞു.

ഇന്ന് ഞാൻ വിവരിക്കാൻ പോകുന്ന ബദരീ സ്വഹാബാക്കളിൽ ആദ്യത്തേത്, ഹദ്റത്ത് ഹുസൈൻ ബിൻ ഹാരിസ് ആണ്. ബനൂമുത്ത്വലിബു ബിൻ അബ്ദിൽ മനാഫുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹം തന്റെ രണ്ടു സഹോദരങ്ങളായ ഹദ്റത്ത് തുഫൈലിന്റെയും ഹദ്റത്ത് ഉബൈദയുടെയും കൂടെ മദീനയിലേക്കു ഹിജ്റത്തു ചെയ്തു. നബി(സ) തിരുമേനി ഹദ്റത്ത് ഹുസൈനിനും ഹദ്റത്ത് ജുബൈറുനുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ഹദ്റത്ത് ഹുസൈൻ, ബദർ, ഉഹദ് യുദ്ധങ്ങളടക്കം എല്ലാ യുദ്ധങ്ങളിലും നബി തിരുമേനിയോടൊപ്പം പങ്കെടുത്തു. ഹിജ്റ 32ന് അദ്ദേഹം വഫാത്തായി.

ഹദ്റത്ത് സഫ്വാൻ(റ) ആണ് രണ്ടാമത്തെ സ്വഹാബി. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് വഹബ് ബിൻ റബീഅ എന്നായിരുന്നു. ബനൂ ഹാരിസ് ബിൻ ഫഹർ ഗോത്രവുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. നബി(സ) തിരുമേനി, റാഫിഅ് ബിൻ മുഅല്ലായുമായി ഹദ്റത്ത് സഫ്വാന്റെ സാഹോദര്യബന്ധമുണ്ടാക്കി. ബദർ യുദ്ധമടക്കം എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)യോടൊപ്പം പങ്കെടുത്തു. അദ്ദേഹം വഫാത്തായത് സംബന്ധമായി 18 ഹിജ്രിയിലാണെന്നും 30 ഹിജ്രിയിലാണെന്നും അതുപോലെ 38 ഹിജ്രിയിലാണെന്നും ഒക്കെയുള്ള വിവരണങ്ങൾ വന്നിട്ടുണ്ട്.

അടുത്ത സഹാബിയാണ് ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദുൽമുൻദിർ. അദ്ദേഹം ഔസ് ഗോത്രമായ ബനൂ അംറ് ബിൻ ഔഫിൽ നിന്നുള്ളയാളായിരുന്നു. റസൂലുല്ലാഹി(സ) ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദുൽമുൻദിറിനും ഹസ്രത്ത് ആഖിൽ ബിൻ അബൂബുകൈറിനും ഇടയിൽ സാഹോദര്യബന്ധമുണ്ടാക്കി. ബദർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തു. ആ യുദ്ധത്തിൽ തന്നെ അദ്ദേഹം ശഹീദാകുകയും ചെയ്തു. ഹദ്റത്ത് മുബശ്ശിർ ബിൻ അബ്ദുൽ മുൻദിർ തന്റെ രണ്ടു സഹോദരങ്ങളായ അബൂ ലുബാബാ ബിൻ അബ്ദുൽ മുൻദിർ, ഹദ്റത്ത് റിഫാഅ ബിൻ അബ്ദുൽ മുൻദിർ എന്നിവരോടൊപ്പം ബദർ യുദ്ധത്തിൽ പങ്കെടുത്തു. ബദർ യുദ്ധത്തിൽ അദ്ദേഹം ശഹീദായി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഹറാം വിവരിക്കുന്നു, ബദർ യുദ്ധത്തിനു മുൻപ് ഞാൻ ഇങ്ങനെ സ്വപ്നം കണ്ടു, മുബശ്ശിർ ബിൻ അബ്ദുൽ മുൻദിർ എന്നോടു പറയുകയാണ്, നീ അല്പദിവസത്തിനുള്ളിൽ നമ്മുടെ അടുക്കൽ വരുന്നതാണ്. താങ്കളെവിടെയാണെന്നു ഞാൻ ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, ഞാൻ സ്വർഗത്തിലാണുള്ളത് സ്വർഗത്തിൽ നാം ആഗ്രഹിക്കുന്നിടത്തു നിന്നെല്ലാം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നു. താങ്കൾ ബദറിൽ ശഹീദായിരുന്നില്ലേ എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു; തീർച്ചയായും. എന്നാൽ എന്നെ വീണ്ടും ജിവിപ്പിക്കുകയുണ്ടായി. ഹദ്റത്ത് അബ്ദുല്ലാഹ് ഈ സ്വപ്നം നബി(സ) തിരുമേനിയെ കേൾപ്പിച്ചപ്പോൾ തിരുമേനി പറഞ്ഞു, അല്ലയോ അബൂ ജാബിർ, ശഹാദത്തെന്നാൽ ഇതുതന്നെയാണ്. ശഹീദ് അല്ലാഹുവിന്റെ അടുക്കലെത്തുകയും അവിടെ സ്വതന്ത്രമായി വിഹരിക്കുകയും ചെയ്യുന്നു.

അടുത്തതായി പരാമർശിക്കുന്ന സഹാബിയുടെ പേരാണ് ഹദ്റത്ത് വറഖ ബിൻ ഇയാസ്. അൻസാർ ഗോത്രമായ ഖദ്റജിന്റെ ശാഖയായ ബനൂ ലൗസാനുബ്നു ഗനമുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ഹദ്റത്ത് വറഖയ്ക്ക് തന്റെ രണ്ടു സഹോദരങ്ങളായ ഹദ്റത്ത് റബീഇന്റെയും ഹദ്റത്ത് അംറിന്റെയും കൂടെ ബദർ യുദ്ധത്തിൽ പങ്കെടുക്കുവാനുള്ള ഭാഗ്യം ലഭിച്ചു. അദ്ദേഹം ബദർ യുദ്ധത്തെ കൂടാതെ ഉഹദ് ,ഖന്ദഖ് തുടങ്ങി മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു. യമാമാ യുദ്ധ ദിവസം ഹിജ്രി 11ന് ഹദ്റത്ത് അബൂബക്കർ (റ)ന്റെ ഖിലാഫത്തു കാലത്ത് അദ്ദേഹം ശഹീദായി.

അടുത്തതായി പറയുന്ന സഹാബിയുടെ പേരാണ് ഹദ്റത്ത് മുഹ്രിസ് ബിൻ നദ്‌ലാ. നബി(സ)തിരുമേനി ഹദ്റത്ത് മുഹ്രിസ് ബിൻ നദ്‌ലയ്ക്കും ഹദ്റത്ത് അമ്മാറ ബിൻ ഹസമിനുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ബദർ ഉഹദ് യുദ്ധങ്ങളിലും ഖന്ദഖ് യുദ്ധത്തിലും അദ്ദേ

ഹം പങ്കെടുത്തിരുന്നു. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ) ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് ശഹാദത്തിനെക്കുറിച്ചുള്ള സുവാർത്ത അറിയിച്ചിരുന്നു.

ഹദ്റത്ത് മുഹ്സിറിന്റെ ശഹാദത്തു സംഭവം ഇപ്രകാരം വിവരിക്കപ്പെടുന്നു. ഹദ്റത്ത് ഇയാസ് ബിൻ സലമ, സീഖറദ് (Gazwa ze qarad) എന്ന യുദ്ധത്തെക്കുറിച്ച് വിവരിക്കുന്നു, എന്റെ പിതാവ് എന്നോടു പറഞ്ഞു, ഹുദൈബിയ സംഭവത്തിനുശേഷം ഞങ്ങൾ മദീനയിലേക്കു പുറപ്പെട്ടു. പിന്നെ ഒരിടത്തു തങ്ങി. ഞങ്ങൾക്കും ബനൂ ലിഹ്യാനുമിടയിൽ ഒരു മലയുണ്ടായിരുന്നു. രാത്രിയിൽ ആ മലമുകളിൽ കയറിച്ചെന്ന് അവസ്ഥകളെന്തെന്ന് വീക്ഷിക്കുന്നയാൾക്കു വേണ്ടി നബി(സ) ദുആ ചെയ്യുകയുണ്ടായി. ഹദ്റത്ത് സലമാ ബിൻ അക്വ പറയുന്നു, ഞാൻ ആ രാത്രി രണ്ടോ മൂന്നോ തവണ അതിൽ കയറി. പിന്നീട് മദീനയിലെത്തി. നബി(സ) തിരുമേനി റബാഹയുടെ കയ്യിൽ തങ്ങളുടെ ഒട്ടകത്തെയും ഹദ്റത്ത് ത്വൽഹയുടെ കുതിരയെയും കൊടുത്തു വിട്ടു. പ്രഭാതമായപ്പോൾ അബ്ദുർറഹ്മാൻ ഫസാരി നബി തിരുമേനിയുടെ ഒട്ടകങ്ങളെ ആക്രമിക്കുകയും അവയെ തെളിച്ചു കൊണ്ടു പോവുകയും ഒട്ടകം മേയ്ക്കുന്നയാളെ വധിക്കുകയും ചെയ്തു. നിവേദകൻ പറയുകയാണ്, ഞാൻ പറഞ്ഞു അബൂ റബാഹേ ഈ കുതിരയെപ്പിടിക്കുക ഇതിനെ ത്വൽഹാ ബിൻ ഉബൈദുല്ലായുടെ കൈകളിലെത്തിക്കുകയും നബി(സ)യോടു തങ്ങളുടെ ഒട്ടകങ്ങളെ മുശ്രിക്കുകൾ അപഹരിച്ചു കൊണ്ടു പോയിരിക്കുന്നുവെന്ന് വിവരമറിയിക്കുകയും ചെയ്യുക. അതിനുശേഷം ഞാൻ അവരെ പിൻതുടർന്നു, അമ്പാക്രമണം നടത്തിക്കൊണ്ട് നീങ്ങിക്കൊണ്ടിരുന്നു. ഞാൻ യുദ്ധഗാനങ്ങൾ ആലപിച്ചുകൊണ്ടാണു പോയിക്കൊണ്ടിരുന്നത് -അനബ്നൽ അക്വഇ വൽയൗമു യൗമുർറിളഅ്- അതായത് ഞാൻ അഖ്വയുടെ മകനാകുന്നു നീചൻമാർക്കിന്ന് നാശത്തിന്റെ ദിനമാകുന്നു. ഞാൻ അവരിൽ കാണുന്നവരുടെയൊക്കെ ഒട്ടകപ്പുറത്തെ ഇരിപ്പിടങ്ങളിലേക്ക് അമ്പെയ്യുകയും അമ്പിന്റെ മുന തുളച്ചു കയറി അവരുടെ തോൾവരെ എത്തുകയും ചെയ്യുമായിരുന്നു. അല്ലാഹുവാണ, ഞാൻ അവരെ അമ്പെയ്തു പരിക്കേല്പിച്ചു കൊണ്ടിരുന്നു. എന്നെ ലക്ഷ്യമാക്കി ഏതെങ്കിലും കുതിരപ്പടയാളി വരുന്നതായാൽ ഞാൻ വൃക്ഷങ്ങൾക്കു പിറകിൽ മറഞ്ഞിരിക്കുകയും അയാളെ അമ്പെയ്തു പരിക്കേല്പ്പിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ അവർ മലയുടെ ഇടുങ്ങിയ വഴിയിലേക്കു കടന്നപ്പോൾ, ഞാൻ ആ മലമുകളിൽ കയറി അവരെ കല്ലെറിയാൻ തുടങ്ങി. അവർ മുഴുവൻ ഒട്ടകങ്ങളെയും ഉപേക്ഷിച്ചു പോകുന്നതുവരെ ഞാൻ അവരെ പിൻതുടർന്നുകൊണ്ടിരുന്നു. ഞാൻ അമ്പെയ്ത്തു തുടർന്നു. അവർ ഭാരം കുറക്കുന്നതിനായി മുപ്പതിലധികം പുതപ്പുകളും കുന്തങ്ങളും വലിച്ചെറിഞ്ഞു. അതായത് അവർ ഒട്ടകങ്ങളെ ഉപേക്ഷിച്ചിരുന്നുവെങ്കിലും അനായാസം ഓടുന്നതിനുവേണ്ടി തങ്ങളുടെ സാധനങ്ങളും വലിച്ചെറിയാൻ തുടങ്ങി. നബി(സ) തിരുമേനിക്കും അനുചരൻമാർക്കും തിരിച്ചറിയാനായി ഒരടയാളമെന്നോണം അവർ വലിച്ചെറിയുന്ന സാധനങ്ങൾക്കു മേൽ ഓരോ കല്ല് കയറ്റി വയ്ക്കുമായിരുന്നു. ഒടുവിൽ അവർ ഒരു ഇടുങ്ങിയ താഴ്വരയിൽ എത്തിച്ചേർന്നു. അവിടെ വച്ച് അവർ ബദർ ഫസാരിയുടെ ഒരു മകനെ കണ്ടുമുട്ടി. അവർ ഇരുന്നു ഭക്ഷണം കഴിക്കാൻ ആരംഭിച്ചു. ഞാനൊരു പർവ്വത ശിഖരത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഫസാരി ചോദിച്ചു, ഞാൻ കാണുന്ന ഈ വ്യക്തി ആരാണ്? അവർ പറഞ്ഞു, അയാൾ തന്നെയാണ് ഞങ്ങളെ ശല്യം ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലാഹുവാണ, ഇയാൾ നിരന്തരം അമ്പാക്രമണം നടത്തുകയും ഞങ്ങളിൽ നിന്ന് എല്ലാം തട്ടിപ്പറിക്കുകയും ചെയ്തു. നിങ്ങളിൽ നിന്ന് ആരെങ്കിലും നാലുപേർ അയാളുടെ അടുത്തേക്കു പോകേണ്ടതാണെന്ന് അയാൾ പറഞ്ഞു. ഹസ്രത്ത് സലമ ബിൻ അക്വ പറയുന്നു, അവരിൽ നാലുപേർ മല കയറി എന്റെയടുത്തു വന്നു. എന്റെയടുത്തെത്തിയപ്പോൾ ഞാനവരോടു നിങ്ങളെന്നെ അറിയുമോ എന്നു ചോദിച്ചു. അവർ പറഞ്ഞു; അറിയില്ല നീയാരാണ്? ഞാൻ പറഞ്ഞു, ഞാൻ സലമ ബിൻ അക്വയാണ്. മുഹമ്മദ്(സ)ന്റെ മുഖത്തിന് അന്തസ്സ് നൽകിയവനെ കൊണ്ടു സത്യം നിങ്ങളുടെ കൂട്ടത്തിൽ നിന്ന് ഞാനാഗ്രഹിക്കുന്നയാളെ എനിക്കു പിടിക്കാൻ സാധിക്കും എന്നാൽ നിങ്ങൾക്കാർക്കും എന്നെ പിടിക്കുവാൻ സാധിക്കുകയില്ല. അപ്പോൾ അവർ നാലുപേരും തിരിച്ചു പോയി ഞാൻ അവിടെ തന്നെയിരുന്നു. അപ്പോഴേക്കും നബി(സ) തിരുമേനിയുടെ കുതിരകൾ മരങ്ങൾക്കിടയിലൂടെ വരുന്നതു കണ്ടു. അവരിൽ ഏറ്റവും മുന്നിൽ അഖ്റം അസദി ആയിരുന്നു. ഞാൻ അഖ്റം അഥവാ ഹദ്റത്ത് മുഹ്രിസിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചപ്പോൾ അവിടെയിരുന്ന് ഭക്ഷണം കഴിക്കുകയായിരുന്ന അവർ പുറം തിരിഞ്ഞ് ഓടുകയാണുണ്ടായത്. ഞാൻ മുഹ്രിസിനോടു പറഞ്ഞു നബി(സ)തിരുമേനിയും അനുചരൻമാരും എത്തിച്ചേരുന്നതുവരെ നീ അവരുടെ ആക്രമണത്തിൽനിന്നു രക്ഷപ്പെടുക നിന്നെ അവർ വധിക്കരുത്. അദ്ദേഹം പറഞ്ഞു; അല്ലയോ സലമാ നീ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ, സ്വർഗ്ഗനരകങ്ങൾ സത്യമാണെന്ന് നിനക്കറിയാമെങ്കിൽ, നീ എനിക്കും ശഹാദത്തിനുമിടയിൽ തടസ്സമാകരുത്. ഞാൻ അദ്ദേഹത്തെ വിട്ടു. ഹദ്റത്ത് മുഹ്രിസും അബ്ദുറഹ്മാനും മുഖാമുഖം ഏറ്റുമുട്ടാനായി നിന്നു. അദ്ദേഹം അബ്ദുറഹ്മാനെയും കുതിരയെയും പരിക്കേല്പിച്ചു. അബ്ദുറഹ്മാൻ ഹദ്റത്ത് മുഹ്രിസിനെ കുന്തം കൊണ്ട് ശഹീദാക്കി. ഹദ്റത്ത് അബൂ ഖതാദാ അബ്ദുറഹ്മാന്റെ പിറകെ പോയി അയാളെ പിടികൂടി കുന്തം കൊണ്ട് കുത്തിക്കൊന്നു. ഹദ്റത്ത് സലമ പറയുകയാണ്; മുഹമ്മദിന്റെ മുഖത്തിന് അന്തസ്സ് നൽകിയവനെ കൊണ്ട് സത്യം ഞാൻ ഓടിക്കൊണ്ട് അയാളെ പിൻതുടർന്നു. സൂ

ര്യാസ്തമയത്തിനു മുൻപായി ഒരു കടവിൽ വച്ച് അയാളെ കണ്ടു. അയാൾ വിശന്നിരിക്കുകയായിരുന്നു. ഞാൻ പിറകെ ഓടിവരുന്നത് അയാൾ കണ്ടു. ഞാൻ അയാളെ അവിടെ നിന്നും ഓടിച്ചു. ഒരു തുള്ളി പോലും വെള്ളം കുടിക്കുവാൻ സാധിച്ചില്ല. അയാൾ അവിടെ നിന്നും പുറപ്പെട്ട് വേഗത്തിൽ മറ്റൊരു കടവിലേക്കു കുതിച്ചു. ഞാനും ഓടി. അവരുടെ കൂട്ടത്തിലെ ഏറ്റവും പിറകിലായി കാണുന്നവരുടെയെല്ലാം തോളെല്ലിൽ ഞാൻ അമ്പെയ്യുമായിരുന്നു.

ഞാൻ അക്‌വയുടെ മകനാകുന്നു, നീചൻമാർക്കിന്ന് നാശത്തിന്റെ ദിനമാകുന്നു എന്ന് ഞാൻ പറയുമായിരുന്നു. രാവിലെ മുതൽ ഞങ്ങളുടെ പിറകെ കൂടിയ അതേ അക്‌വയാണോ എന്നയാൾ ചോദിച്ചു. അതെ, ഞാൻ തന്നെയാണ് രാവിലെ നീ കണ്ട അതേ അക്‌വ. അവർ രണ്ടു കുതിരകളെ ആ കടവിൽ ഉപേക്ഷിച്ചു പോയി. ഞാൻ അവ രണ്ടിനെയും തെളിച്ചുകൊണ്ട് നബി(സ) തിരുമേനിയുടെ അടുത്തേക്കു നിങ്ങി. ഞാൻ രാവിലെ ആ കവർച്ചക്കാരെ തുരത്തിയോടിച്ച അതേ സ്ഥലത്തുള്ള വെള്ളത്തിനടുത്തായിരുന്നു അപ്പോൾ നബി(സ) ഞാൻ ആ മുശ്‌രിക്കുകളിൽ നിന്നും തട്ടിയെടുത്ത ഒട്ടകങ്ങളും മറ്റു വസ്തുക്കളും നബി(സ) എടുത്തതായി കണ്ടു. അവരിൽ നിന്നും തട്ടിയെടുത്ത ഒട്ടകങ്ങളിൽ നിന്ന് ഒരു ഒട്ടകത്തെ ഹസ്രത്ത് ബിലാൽ അറുത്തു. നബി(സ)ക്കു വേണ്ടി കരളിന്റെയും പൂഞ്ഞയുടെയും മാംസം വേവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു യാ റസൂലല്ലാഹ്! എനിക്കീ സൈന്യത്തിൽ നിന്നും നൂറുപേരെ തിരഞ്ഞെടുക്കുവാനുള്ള അനുവാദം നൽകുകയാണെങ്കിൽ, ഞാനവരെ പിൻതുടർന്നു എല്ലാവരേയും വധിക്കുന്നതാണ്. നബി(സ) പൊട്ടിച്ചിരിച്ചു. തീയുടെ പ്രകാശത്തിൽ അങ്ങയുടെ പല്ലുകൾ തിളങ്ങുന്നതു കാണാമായിരുന്നു. അല്ലയോ സലമാ നിനക്കതിനു സാധിക്കുമെന്നു തോന്നുന്നുണ്ടോ?എന്ന് അവിടന്ന് ചോദിച്ചു. ഞാൻ പറഞ്ഞു; അതെ, അങ്ങേയ്ക്കു അന്തസ്സു നൽകിയവനെ കൊണ്ട് സത്യം. നബി(സ) പറഞ്ഞു; അക്‌വയുടെ മകനേ നീ വിജയം കൈവരിച്ചിരിക്കെ, അവരെ വിട്ടുകളയുക. വിട്ടുവീഴ്ച ചെയ്യൂ. ഇനി അവരെ പിൻതുടരുകയും വധിക്കുകയും ചെയ്തിട്ടെന്തു ഫലം. ഹുസൂർ പറഞ്ഞു; നബി(സ)യുടെ മാതൃകയിതാണ്. കൊള്ളയും കൊലയുമായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം.

അടുത്തതായി പരാമർശിക്കുന്ന സ്വഹാബിയുടെ പേരാണ് ഹദ്റത്ത് സുവൈബത്തുബിനു സഅദ്. ബനൂ അബ്ദിദ്ദാർ ഗോത്രവുമായിട്ടായിരുന്നു ഹദ്റത്ത് സുവൈബത്തിന്റെ ബന്ധം. പ്രാരംഭകാലത്ത് ഇസ്‌ലാം സ്വീകരിച്ചവരിൽ അദ്ദേഹം ഉൾപ്പെട്ടിരുന്നു. മിക്ക ജീവചരിത്രരചയിതാക്കളും അദ്ദേഹത്തെ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് സുവൈബത്ത് മദീനയിലേക്ക് ഹിജ്റത്തു ചെയ്തു. ബദർ യുദ്ധത്തിലും ഉഹദ് യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തു.

ഹദ്റത്ത് ഉമ്മെ സലമാ വിവരിക്കുന്നു, ഹദ്റത്ത് അബൂബക്കർ(റ) നബി(സ)യുടെ വഫാത്തിനു ഒരു വർഷം മുമ്പ് ശാമിലെ ബുസ്ര എന്ന പ്രദേശത്തേക്ക് കച്ചവടാർത്ഥം പോയതായിരുന്നു. അവരോടൊപ്പം നുഅയ്മാനും സുവൈബത്തുബിനു ഹർമലയും യാത്രയിലുണ്ടായിരുന്നു. ഇവർ രണ്ടുപേരും ബദർ യുദ്ധത്തിലും ഉണ്ടായിരുന്നു. ഭക്ഷണ വിഭവങ്ങളുടെ ചുമതല നുഅയ്മാന് ആയിരുന്നു. സുവൈബത്ത് നർമ്മ പ്രകൃതക്കാരനായിരുന്നു. എനിക്ക് ആഹാരം തരൂ എന്നദ്ദേഹം നുഅയ്മാനോടു പറഞ്ഞു. കാരണം ഭക്ഷണപാനീയങ്ങളുടെ ചുമതല അദ്ദേഹത്തിനായിരുന്നു. ഹദ്റത്ത് അബൂബക്കർ വരുന്നതുവരെ ആഹാരം നൽകുകയില്ല എന്നദ്ദേഹം മറുപടി നൽകി. എനിക്കു ഭക്ഷണം തന്നില്ലെങ്കിൽ നിന്നെ ഞാൻ ശുണ്ഠി പിടിപ്പിക്കുന്നതാണെന്നു പറഞ്ഞു. അങ്ങനെ അവർ പോയിക്കൊണ്ടിരിക്കുമ്പോൾ ഒരു കൂട്ടം ആളുകൾ അതിലൂടെ കടന്നുപോയി. നിങ്ങൾ എന്റെ ഒരടിമയെ വാങ്ങിക്കുമോ എന്ന് സുവൈബത്ത് അവരോടു ചോദിച്ചു. അതെ എന്നവർ മറുപടി പറഞ്ഞു. സുവൈബത്ത് പറഞ്ഞു നന്നായി സംസാരിക്കുന്ന അടിമയാണവൻ. ശ്രദ്ധിക്കുക താൻ സ്വതന്ത്രനാണെന്നൊക്കെ അവൻ പറഞ്ഞു കൊണ്ടിരിക്കും. അവനങ്ങനെ പറഞ്ഞാലും അവനെ വിടരുത്. അവർ പറഞ്ഞു ഇല്ല ഞങ്ങളവനെ നിന്റെ കയ്യിൽ നിന്നും വിലയ്ക്കു വാങ്ങാൻ ആഗ്രഹിക്കുന്നു. അങ്ങനെ പത്ത് ഒട്ടകങ്ങൾ നൽകി അവർ അടിമയെ വാങ്ങി. പിന്നീട് അവർ ഹദ്റത്ത് നുഅയ്മാന്റെ അടുത്തു വന്ന് അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ടു. നുഅയ്മാൻ പറഞ്ഞു ഇയാൾ തമാശ പറയുകയാണ് ഞാൻ സ്വതന്ത്രനാണ് അടിമയൊന്നുമല്ല. അപ്പോൾ അവർ പറഞ്ഞു നീ ഇങ്ങനെ തന്നെ പറയുമെന്ന് നിന്നെക്കുറിച്ച് അയാൾ പറഞ്ഞിരുന്നു. അങ്ങനെ അവർ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോയി. ഹസ്രത്ത് അബുബക്കർ(റ) തിരിച്ചെത്തിയപ്പോൾ നടന്ന സംഭവത്തെക്കുറിച്ച് ആളുകൾ പറഞ്ഞു. അദ്ദേഹം അവരുടെ പിറകെ പോകുകയും ഒട്ടകങ്ങളെ തിരികെ നൽകിക്കൊണ്ട് നുഅയ്മാനെ തിരിച്ചുകൊണ്ടുവരികയും ചെയ്തു. ഹുസൂർ പറയുകയാണ്, സഹാബാക്കൾക്കിടയിൽ ഇത്തരത്തിലുള്ള തമാശകളും നടക്കുമായിരുന്നു. ഏതായിരുന്നാലും അവർ നബി(സ)യുടെ അടുക്കലെത്തി എല്ലാം നബിയോടു പറഞ്ഞു. നിവേദകൻ പറയുന്നു നബിതിരുമേനിയും സ്വഹാബാക്കളും ഒരു വർഷം വരെ ഈ തമാശ ആസ്വദിച്ചു കൊണ്ടിരുന്നു.

സ്വഹാബാക്കളെക്കുറിച്ച് പരാമർശിച്ച ശേഷം ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 'വസ്സിഅ് മകാനക്ക' (നിന്റെ ഭവനത്തെ വിശാലമാക്കുക) എന്ന ഒരു ഇൽഹാമിനെക്കുറിച്ച് ചുരുക്കിപ്പറയാൻ ആഗ്രഹിക്കുകയാണ്. പല സമയങ്ങളിലായി അദ്ദേഹത്തിന് ഈ ഇൽഹാം ഉണ്ടായിട്ടുണ്ട്. അല്ലാഹു തന്റെ പ്രവാചകൻമാരോട് ഒരു കാര്യം

ചെയ്യുക എന്ന് ഇൽഹാമിലൂടെ കല്പിക്കുമ്പോൾ അതിനർത്ഥം അല്ലാഹുവിന്റെ സഹായവും പിന്തുണയും അതിനോടൊപ്പം ഉണ്ടാകുമെന്നാണ്. അങ്ങിനെ അത് പൂർത്തീകരിക്കുകയും ചെയ്യുന്നു.നമ്മുടെ അനുഭവവും അതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇവിടെ ഹിജ്റത്ത് ചെയ്തു വന്നപ്പോൾ അല്ലാഹു തന്റെ അസാധാരണമായ ഔദാര്യം കാണിക്കുകയുണ്ടായി. ഇസ്ലാമാബാദിൽ 25 ഏക്കർ ഭൂമി ജമാഅത്തിന് വാങ്ങുവാൻ സാധിച്ചു. അതിനു ശേഷം ആറ് ഏക്കർ കൂടുതലായി അതിനോട് ചേർക്കപ്പെട്ടു. അവിടെ ജലസയും നടന്നുകൊണ്ടിരുന്നു. ഇവിടെ സ്ഥിരമായൊരു മർക്കസ് ഉണ്ടാക്കണമെന്നായിരുന്നു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ ആഗ്രഹം. ഏതായിരുന്നാലും അല്ലാഹു ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. ഇപ്പോൾ അല്ലാഹു അനുഗ്രഹിച്ചുകൊണ്ട് ഇസ്ലാമാബാദിൽ പുതിയ നിർമ്മാണം നടന്നു. മികച്ച സൗകര്യങ്ങളോടു കൂടിയ പുതിയ ഓഫീസ് സമുച്ചയം ഉണ്ടാക്കിയിരിക്കുന്നു. സ്ഥിരമായ പള്ളി നിർമ്മിച്ചിരിക്കുന്നു, കാലത്തിന്റെ ഖലീഫയ്ക്കു താമസിക്കുവാനുള്ള ഭവനം ഉണ്ടാക്കിയിരിക്കുന്നു. അതുപോലെ വഖ്ഫെ സിന്ദഗികൾക്കും ജമാഅത്തിന്റെ ഉദ്യോഗസ്ഥർക്കുമായി വീടുകൾ ഉണ്ടാക്കിയിട്ടുണ്ട്. അതുപോലെ, ഇസ്ലാമാബാദ് പദ്ധതിയിൽത്തന്നെ ഫാറൻഹമിൽ ഒരു വലിയ ഇരുനിലക്കെട്ടിടം ജമാഅത്തിനു ലഭിച്ചു. പ്രസ്സ് അതിലാണ് പ്രവർത്തിക്കുന്നത്. രണ്ടുമൂന്നു മൈൽ അകലെയാണ് ഈ കെട്ടിടം. കുറച്ച് ഓഫീസുകളും ഉണ്ട്. കൂടാതെ ഖുദ്ദാമുൽ അഹ്മദിയ്യായ്ക്കും ഇവിടെ വലിയൊരു കെട്ടിടം വാങ്ങുവാനുള്ള സൗഭാഗ്യം ലഭിച്ചു. ഇതിനു മുമ്പ് ജൽസാ ഗാഹിനു വേണ്ടി ഹദീഖത്തുൽ മഹ്ദിക്കുള്ള സ്ഥലവും സമീപത്തായിത്തന്നെ വാങ്ങുവാനുള്ള തൗഫിഖും അല്ലാഹു നൽകി. ലണ്ടനിലായിരുന്ന ജാമിഅ ഇവിടേക്കു മാറിയിരിക്കുന്നു. ഇപ്പോൾ ജാമിഅ സ്ഥിതിചെയ്യുന്ന സ്ഥലം വളരെ കുറഞ്ഞ വിലയ്ക്ക് നല്ല അന്തരീക്ഷത്തിലും മികച്ച സൗകര്യങ്ങളോടും കൂടിയ നിലയിൽ അല്ലാഹു നൽകി അനുഗ്രഹിക്കുകയുണ്ടായി. മുപ്പത് ഏക്കർ ഭൂമിയുമുണ്ട്. ഈ സ്ഥലങ്ങളെല്ലാം ഇസ്ലാമാബാദിൽ നിന്നും പത്ത് മുതൽ ഇരുപത് മിനിറ്റ് വരെ ദൈർഘ്യത്തിലാണുള്ളത്. ഇസ്ലാമാബാദ് പദ്ധതിയോടനുബന്ധിച്ച് ഈ സ്ഥലങ്ങളെല്ലാം വാങ്ങുന്നതിനുള്ള പ്ലാനിങ് ഒന്നും മുൻകൂട്ടി നിശ്ചയിച്ചതായിരുന്നില്ല. മറിച്ച് ഇതെല്ലാം അല്ലാഹുവിന്റെ പദ്ധതിയായിരുന്നു. ഈ എല്ലാ സ്ഥലങ്ങളും ഒറ്റ പ്രദേശത്തുതന്നെ അടുത്തടുത്തായിക്കൊണ്ടിരുന്നു. മർക്കസിനോടു ചേർന്നുതന്നെ അല്ലാഹു മറ്റു കാര്യങ്ങളും സൗകര്യപ്പെടുത്തിത്തന്നു. ജാമിഅയും സമീപത്തായിരിക്കേണ്ടത് ആവശ്യമാണ്. അല്ലാഹു ഈ എല്ലാ സ്ഥലങ്ങളും ഒറ്റ പ്രദേശത്ത് ഒരുമിച്ചു കൂടിയത് എല്ലാവിധത്തിലും അനുഗ്രഹീതമാക്കട്ടെ എന്ന് ദുആ ചെയ്യുക. ഞാൻ പറഞ്ഞതുപോലെ കാലത്തിന്റെ ഖലീഫയ്ക്കു താമസിക്കുവാനുള്ള ഭവനവും ഓഫീസുകളുമെല്ലാം അവിടെ നിർമ്മിച്ചിട്ടുണ്ട്. വലിയ പള്ളിയും നിർമ്മിച്ചിട്ടുണ്ട് അതുകൊണ്ട് കുറച്ചു ദിവസങ്ങൾക്കുള്ളിൽ ഞാൻ ലണ്ടനിൽ നിന്നും ഇസ്ലാമാബാദിലേക്ക് താമസം മാറ്റുന്നതാണ്. അല്ലാഹു ഇസ്ലാമാബാദിൽ നിന്നുള്ള ഇസ്ലാമിന്റെ പ്രബോധനം മുമ്പത്തേക്കാൾ അധികം വിശാലമാക്കട്ടെ. ഈ പദ്ധതിയും, അവിടേക്കുള്ള മാറ്റവും സർവ്വവിധേനയും അല്ലാഹു അനുഗ്രഹീതമാക്കട്ടെ എന്ന് ദുആ ചെയ്യുക.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَكَّلُ عَلَيْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ يُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَاللّٰہِ رَحِمَكُمُ اللّٰہُ اِنَّ اللّٰہَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِی الْقُرْبٰى وَ يَنْھٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰہَ يَذْكُرْكُمْ وَ ادْعُوْہُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰہِ اَكْبَرُ۔

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Baithul Futuh,London – on 12.04.2019
Malayalam Translation : **Najmudheen Kallai** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516